**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2376** **12-10-2021 - ൽ മറുപടിയ്ക്ക്**

**പെൻഷൻകാരുടെ ഡി. ആർ കുടിശ്ശിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സർക്കാർ പെൻഷൻകാരുടെ എത്ര മാസത്തെ ഡി. ആർ കുടിശ്ശിക നിലവിലുണ്ടെന്ന വിവരം ലഭ്യമാക്കാമോ; | (എ) | സംസ്ഥാന ശമ്പള പരിഷ്കരണ കമ്മീഷൻ ശുപാർശ ചെയ്ത പ്രകാരമുള്ള സൂത്രവാക്യമുപയോഗിച്ചാണ് സംസ്ഥാനസർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും ഡി.എ /ഡി.ആർ കണക്കാക്കുന്നത്. അതനുസരിച്ച് 01.07.2020 വരെയുള്ള ഡി.എ/ഡി.ആർ അനുവദിച്ചിട്ടുണ്ട്. എന്നാൽ 01.01.2021 മുതൽ ഡി.എ /ഡി.ആർ കണക്കാക്കിയിട്ടില്ല. |
| (ബി) | നിലവിലുള്ള ഡി .ആർ കുടിശ്ശിക 2021 വർഷത്തിൽ നാല് ഗഡുക്കളായി പെൻഷൻകാർക്ക് നൽകുമെന്ന് പ്രഖ്യാപിച്ചിരുന്നുവോയെന്ന് വ്യക്തമാക്കാമോ; | (ബി) | 08.02.2021 തീയതിയിലെ സ.ഉ (പി)നം.25/2021/ ധന പ്രകാരം പ്രഖ്യാപിച്ചിട്ടുള്ള 01.01.2019, 01.07.2019, 01.01.2020, 01.07.2020 എന്നീ കാലയളവിൽ പ്രാബല്യത്തിലുള്ള ഡി ആർ ഗഡുക്കളുടെ കുടിശ്ശിക 2021 വർഷത്തിൽ 4 ഗഡുക്കളായി, ഏപ്രിൽ, ജൂൺ, സെപ്റ്റംബർ, ഡിസംബർ മാസങ്ങളിൽ നൽകുമെന്ന് പ്രഖ്യാപിച്ചിരുന്നു. |
| (സി) | പ്രഖ്യാപിച്ചിട്ടുണ്ടെങ്കിൽ ഇതിൽ എത്ര ഗഡു നാളിതുവരെ നൽകുവാൻ സാധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (സി) | പെൻഷൻകാരുടെ 01.01.2019, 01.07.2019, 01.01.2020, 01.07.2020 എന്നീ കാലയളവിൽ പ്രാബല്യത്തിലുള്ള ക്ഷാമാശ്വാസ ഗഡുക്കളുടെ കുടിശ്ശികയുടെ രണ്ട് ഗഡുക്കൾ വിതരണം ചെയ്തിരുന്നു. കോവിഡ് മഹാമാരിയുടെ പാശ്ചാത്തലത്തിൽ ഏർപ്പെടുത്തിയ ലോക്ക്ഡൗണും തുടർന്നുള്ള നിയന്ത്രണങ്ങളും ചരക്ക് സേവന നികുതി വരുമാന നഷ്ടത്തിനുള്ള നഷ്ടപരിഹാരം കേന്ദ്ര സർക്കാർ കൃത്യ സമയത്ത് നൽകാത്തതും പുതിയ കാരണങ്ങൾ ചൂണ്ടിക്കാട്ടി കേന്ദ്രസർക്കാർ സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി വെട്ടിക്കുറച്ചതും, അതേസമയം, കോവിഡ് ദുരുതമനുഭവിക്കുന്ന ഘട്ടത്തിൽ സാധാരണ ജനജീവിതം സാദ്ധ്യമാക്കുകയെന്ന കർത്തവ്യത്തിന്റെ ഭാഗമായുള്ള സാമൂഹ്യക്ഷേമ ചെലവുകൾ (ഭക്ഷ്യകിറ്റ്, സാമൂഹ്യ സുരക്ഷ പെൻഷൻ തുടങ്ങിയവ), |

| | | | |
|---|---|---|---|
| | | | ആരോഗ്യരംഗത്ത് പുതുതായി സൃഷ്ടിക്കപ്പെട്ട സാമ്പത്തിക ഉത്തരവാദിത്തങ്ങൾ എന്നിവ ഏറ്റെടുക്കേണ്ടി വന്നതും സംസ്ഥാനത്ത് ഗുരുതര ലിക്വിഡിറ്റി പ്രതിസന്ധി സൃഷ്ടിച്ചിരുന്നു. എന്നാൽ ടി പ്രതിസന്ധിക്കിടയിലും ഏകദേശം 2600 കോടിയോളം വരുന്ന പെൻഷൻ പരിഷ്കരണ/ പെൻഷൻകാരുടെ ക്ഷാമബത്ത കുടിശ്ശികയുടെ രണ്ട് തവണകൾ വിതരണം ചെയ്തിരുന്നു. സാമ്പത്തിക പ്രതിസന്ധി തുടരുന്ന പശ്ചാത്തലത്തിൽ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് ഡി ആർ നൽകുന്നതിനുള്ള തീരുമാനം കൈക്കൊള്ളുന്നതാണ്. |
| (ഡി) | പെൻഷൻകാർക്ക് നിലവിലുള്ള ഡി. ആർ കുടിശ്ശിക സമയബന്ധിതമായി നൽകുവാൻ നടപടി സ്വീകരിക്കുമോ? | (ഡി) | പെൻഷൻകാരുടെ 01.01.2019, 01.07.2019, 01.01.2020, 01.07.2020 എന്നീ കാലയളവിൽ പ്രാബല്യത്തിലുള്ള ക്ഷാമാശ്വാസ ഗഡുക്കളുടെ കുടിശ്ശികയുടെ രണ്ട് ഗഡുക്കൾ വിതരണം ചെയ്തിരുന്നു. കോവിഡ് മഹാമാരിയുടെ പാശ്ചാത്തലത്തിൽ ഏർപ്പെടുത്തിയ ലോക്ക്ഡൗണും തുടർന്നുള്ള നിയന്ത്രണങ്ങളും ചരക്ക് സേവന നികുതി വരുമാന നഷ്ടത്തിനുള്ള നഷ്ടപരിഹാരം കേന്ദ്ര സർക്കാർ കൃത്യ സമയത്ത് നൽകാത്തതും പുതിയ കാരണങ്ങൾ ചൂണ്ടിക്കാട്ടി കേന്ദ്രസർക്കാർ സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി വെട്ടിക്കുറച്ചതും, അതേസമയം, കോവിഡ് ദുരുതമനുഭവിക്കുന്ന ഘട്ടത്തിൽ സാധാരണ ജനജീവിതം സാദ്ധ്യമാക്കുകയെന്ന കർത്തവ്യത്തിന്റെ ഭാഗമായുള്ള സാമൂഹ്യക്ഷേമ ചെലവുകൾ (ഭക്ഷ്യകിറ്റ്, സാമൂഹ്യ സുരക്ഷ പെൻഷൻ തുടങ്ങിയവ), ആരോഗ്യരംഗത്ത് പുതുതായി സൃഷ്ടിക്കപ്പെട്ട സാമ്പത്തിക ഉത്തരവാദിത്തങ്ങൾ എന്നിവ ഏറ്റെടുക്കേണ്ടി വന്നതും സംസ്ഥാനത്ത് ഗുരുതര ലിക്വിഡിറ്റി പ്രതിസന്ധി സൃഷ്ടിച്ചിരുന്നു. എന്നാൽ ടി പ്രതിസന്ധിക്കിടയിലും ഏകദേശം 2600 കോടിയോളം വരുന്ന പെൻഷൻ പരിഷ്കരണ/ പെൻഷൻകാരുടെ ക്ഷാമബത്ത കുടിശ്ശികയുടെ രണ്ട് തവണകൾ വിതരണം ചെയ്തിരുന്നു. സാമ്പത്തിക പ്രതിസന്ധി തുടരുന്ന പശ്ചാത്തലത്തിൽ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് ഡി ആർ നൽകുന്നതിനുള്ള തീരുമാനം കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ